പ്രസ്സ് റിലീസ്

**റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ**

www.rbi.org.in

**വാർത്താവിനിമയ വിഭാഗം**

സെപ്തംബർ 03, 2015

**'1965 – ലെ ഇൻഡ്യാ പാക് യുദ്ധത്തിന്റെ സുവർണ്ണ ജൂബിലിയുടെ' സ്മരണാർത്ഥം ആർ ബി ഐ ₹ 5 നാണയം പുറത്തിറക്കുന്നു.**

1965 – ലെ ഇൻഡൊ പാക് യുദ്ധത്തിന്റെ സുവർണ്ണ ജൂബിലിയുടെ ഓർമ്മയ്ക്കായി ഭാരതസർക്കാർ നിർമ്മിച്ച ₹ 5 നാണയങ്ങൾ, റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ താമസിയാതെ പുറത്തിറക്കും.

**നാണയത്തിന്റെ രൂപരേഖ.**

**മുഖവശത്ത്:** "सत्यमेव जयते" എന്ന് താഴ്വശത്ത് ആലേഖനം ചെയ്തിട്ടുള്ള അശോക സ്തംഭത്തിന്റെ നടുവിലുള്ള മുഖ്യസിംഹരൂപത്തിന്റെ ഇടതുപരിധിയിൽ ദേവനാഗിരി ലിപിയിൽ "भारत" എന്നും വലതുപരിധിയിൽ 'INDIA' എന്ന് ഇംഗ്ലീഷിലും രേഖപ്പെടുത്തിയിട്ടുണ്ട് ₹എന്നും നാണയത്തിന്റെ മൂല്യമായ '5' എന്ന് അന്താരാഷ്ട്ര സംഖ്യാരൂപത്തിലും മുഖ്യസിംഹരൂപത്തിന്റെ താഴെ രേഖപ്പെടുത്തിയിട്ടുണ്ട്.

**മറുവശത്ത്:** കേന്ദ്രഭാഗത്തുള്ള, ഇടതുവശത്തും വലതുവശത്തും ഇലകളോടുകൂടിയ ഒലിവ് ചില്ലകളുടെ നടുവിൽ 'അമർ ജവാൻ' സ്മാരകത്തിന്റെ ഛായ കാണാം. ഇതിന്റെ ഇടതുപരിധിയിൽ മുകളിൽ "वीरता एवं बलिदान" എന്ന് ദേവനാഗരിയിലും വലതുപരിധിയിൽ മുകളിൽ 'VALOUR AND SACRIFICE' എന്ന് ഇംഗ്ലീഷിലും ആലേഖനം ചെയ്തിരിക്കുന്നു.'2015' എന്ന് വർഷവും സ്മാരകതിൻറെ താഴെ രേഖപ്പെടുത്തിയിട്ടുണ്ട് .നാണയതിൻറെ മുകൽ വൃത്തപരിധിയിൽ ദേവനാഗരി ലിപിയിൽ "1965 सामरिक

अभियान का  स्वर्ण जयंती वर्ष ” എന്നും കീഴ് വൃത്ത പരിധിയിൽ ഇംഗ്ലീഷിൽ 'GOLDEN JUBILEE 1965 OPERATIONS' എന്നും ആലേഖനം ചെയ്തിരിക്കുന്നു.

ഈ നാണയങ്ങൾ, കോയിനേജ് ആക്ട് 2011 – അനുസരിച്ച് നിയമപരമായി പ്രാബല്യത്തിലുള്ളതായിരിക്കും. ഈ മൂല്യത്തിൽ ഇപ്പോൾ പ്രചാരത്തിലുള്ള നാണയങ്ങളും നിയമപരമായി പ്രാബല്യമുള്ളതായിരിക്കും.

**പ്രസ്സ് റിലീസ് 2015-2016/577**

**അൽപനാ കില്ലാവാലാ**
പ്രിൻസിപ്പൽ ചീഫ് ജനറൽ മാനേജർ